"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ഒറ്റപ്പാലം 2 വില്ലേജിൽ സ.നം. 77/1 എ യിലെ 6.63 ച.മീ (0.164 സെന്റ് / 0.0007 ഹെക്ടർ) പി.ഡബ്ല്യൂ.ഡി പുറമ്പോക്ക് ഭൂമിയ്ക്ക് 2017 വരെ ശ്രീ. രാംകുമാർ കണ്ടുപറമ്പിൽ ഒടുക്കുവാനുണ്ടായിരുന്ന പാട്ടക്കുടിശ്ശിക ഒഴിവാക്കി നൽകി - ഉത്തരവ് പുറവെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.47/2026/RD തീയതി,തിരുവനന്തപുരം, 31-01-2026

---

പരാമർശം:-

1. പാലക്കാട് ജില്ലാ കളക്ടറുടെ 25.02.2017ലെ എൽ.ആർ.ജി2/2006/11871/9 നം. നടപടിക്രമം
2. പാലക്കാട് ജില്ലാ കളക്ടറുടെ 31.03.2022 ലെ DCPKD-8600/2018-LRG2 നമ്പർ കത്ത്
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 07.06.2022, 02.04.2023, തീയതികളിലെ LR/5248/2022-LR(J9) നമ്പർ കത്തുകൾ

**ഉത്തരവ്**

പരാമർശം(1) ലെ ജില്ലകളക്ടറുടെ നടപടിക്രമം പ്രകാരം ശ്രീ.രാംകുമാർ, കണ്ടു പറമ്പിൽ എന്നവരുടെ കൈവശമുള്ള പാലക്കാട് ജില്ല ഒറ്റപ്പാലം താലൂക്കിൽ ഒറ്റപ്പാലം 2 വില്ലേജിൽ സർവ്വേ നം.77/1 എ യിൽപ്പെട്ട 6.63 ച.മീ. പി.ഡബ്ല്യൂ.ഡി പുറമ്പോക്ക് ഭൂമിയുടെ 24.11.2006 മുതൽ 25.02.2017 വരെയുള്ള പാട്ടനിരക്ക് പുതുക്കി നിശ്ചയിച്ചുകൊണ്ടും, ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം പാട്ടം നൽകുന്നത് റോഡിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുമെന്നുള്ളതിനാൽ ഭൂമിയുടെ പാട്ടം 26.02.2017 മുതൽ റദ്ദ് ചെയ്ത് കൊണ്ടും ഉത്തരവായിട്ടുള്ളതാണ്.

2.ശ്രീ. രാംകുമാർ, കുണ്ടുപറമ്പിൽ എന്നവർ മേൽ കാലയളവിലെ പാട്ടക്കുടിശ്ശിക തുക അടവാക്കുന്നതിൽ വീഴ്ച വരുത്തിയതിനെ തുടർന്ന് പലിശയും ചേർത്ത് ആകെ 64,373/- രൂപ ടി കക്ഷിയിൽ നിന്ന് ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വസൂലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നതുമാണെന്നും, എന്നാൽ, ശ്രീ. രാംകുമാർ, കുണ്ടുപറമ്പിൽ എന്നവർ അന്ധനും തൊഴിൽ രഹിതനുമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതായും ടിയാന്റെ ഭാര്യ മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തിയാണെന്നും പനമണ്ണ വായനശാല വീട്ടാമ്പാറ റോഡിനോട് ചേർന്ന് നാലുസെന്റ് ഭൂമിയിൽ മുൻസിപ്പാലിറ്റിയുടെ ധനസഹായത്തോടെ പണിത വീട്ടിലാണ് ടിയാനും കുടുംബവും കഴിയുന്നതെന്നും, കണ്ണിയംപുറത്ത് പനമണ്ണ റോഡ് ജംഗ്ഷനിൽ റോഡരികിൽ ലോട്ടറി ടിക്കറ്റ് വില്പന നടത്തിയാണ് ടിയാൻ ഉപജീവനം നയിക്കുന്നതെന്നും ആയതിനാൽ, ടി കുടിശ്ശികക്കാരനിൽ നിന്നും പ്രസ്തുത പാട്ടത്തുക പിരിക്കുന്നത് പ്രായോഗികമല്ലെന്നും കുടിശ്ശികക്കാരനിൽ നിന്നും തുക വസൂൽ ചെയ്യാൻ നിർവ്വാഹമില്ലാത്തതാണെന്നും ആയതിനാൽ പ്രസ്തുത പാട്ടത്തുക റദ്ദ് ചെയ്യുന്നതിനുള്ള

നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം(3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാനുഷിക പരിഗണന കണക്കിലെടുത്ത്, ഇത് ഒരു കീഴ്വഴക്കമായി കണക്കാക്കാൻ പാടില്ലെന്ന വ്യവസ്ഥയിൽ, ഒറ്റപ്പാലം 2 വില്ലേജിൽ സ.നം. 77/1 എ യിലെ 6.63 സ്ക്വയർ മീറ്റർ (0.164 സെന്റ് / 0.0007 ഹെക്ടർ) പി.ഡബ്ല്യൂ.ഡി പുറമ്പോക്ക് ഭൂമിയ്ക്ക് ശ്രീ. രാംകുമാർ കണ്ടുപറമ്പിൽ ഒടുക്കുവാനുണ്ടായിരുന്ന പാട്ടക്കുടിശ്ശികയായ 64,373/- രൂപ (അറുപത്തിനാലായിരത്തി മുന്നൂറ്റി എഴുപത്തി മൂന്ന് രൂപാ മാത്രം) ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇക്കാര്യത്തിൽ പാലക്കാട് ജില്ലാ കളക്ടർ നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനു എസ് നായർ ഐ എ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
ശ്രീ.V.K.രാംകുമാർ, കണ്ടുപറമ്പിൽ വീട്, പനമണ്ണ സൗത്ത് പോസ്റ്റ്, ഒറ്റപ്പാലം, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യവകുപ്പ് (EXP-D3/166/2025-FIN)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (REV-L1/96/2023-REV)

ഉത്തരവിൻ പ്രകാരം

Signed by Priya Vincent
Date: 03-02-2026 11:53:40
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസിന്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറിയുടെ പി.എയ്ക്ക്